# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: 2020 സെപ്റ്റംബർ 23 മുതൽ സെപ്റ്റംബർ 27 വരെ)

## കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.എൻ.ആർ 76/2020 | തീയ്യതി: 22/09/2020 |
|---|---|

### എ. പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 216.6 | 25.6 – 30.9 | 22.8-24.4 | 87–98 | 00 -10 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 23.09.2020 | 24.09.2020 | 25.09.2020 | 26.09.2020 | 27.09.2020 |
|---|---|---|---|---|---|
| മഴ, മി.മീ | 27 | 20 | 8 | 5 | 7 |
| കൂടിയ താപനില, °C | 30 | 30 | 29 | 29 | 29 |
| കുറഞ്ഞ താപനില, °C | 24 | 24 | 24 | 24 | 24 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 98 | 98 | 98 | 98 | 98 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 85 | 85 | 85 | 85 | 85 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 14 | 10 | 6 | 8 | 8 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 270 | 230 | 230 | 250 | 270 |
| മേഘ വിന്യാസം, ഒക്ടാ | 8 | 8 | 8 | 7 | 7 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | വരുന്ന ദിവസങ്ങളിൽ മഴ പ്രതീക്ഷിക്കാം . മഴയുടെ തീവ്രത കുറഞ്ഞു വരും. (മുകളിൽ കൊടുത്തിരിക്കുന്ന കാലാവസ്ഥാ പ്രവചനം കാണുക). കാലവർഷത്തിന്റെ തുടക്കത്തിൽ തെങ്ങിൽ കൂമ്പു ചീയൽ, കവുങ്ങിൽ മഹാളി, കുരുമുളകിന് ദ്രുതവാട്ടം, തുടങ്ങിയ രോഗങ്ങൾ പടരുന്നതിന് അനുയോജ്യമായ കാലാവസ്ഥ സംജാതമാകും. മുൻ കരുതലുകൾ സ്വീകരിക്കുക. വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര എന്നിങ്ങനെയുള്ള കാർഷിക ഉല്പന്നങ്ങൾ വെയിലത്ത്തിട്ടുണക്കുന്നത് ശ്രദ്ധാപൂർവം ആയിരിക്കണം. | | |

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | കൂമ്പ്ചീയൽ  | തുടർച്ചയായ മഴ മൂലം കൂമ്പ് ചീയൽ രോഗം വരാൻ സാധ്യതയുണ്ട്. തെങ്ങിലെ കൂമ്പ്ചീയൽ രോഗത്തിന് മുൻകരുതലായി മാങ്കോസേബ് നിറച്ച, സുഷിരങ്ങൾ ഇട്ട ചെറു പോളിത്തീൻ പാക്കറ്റുകൾ (5 ഗ്രാം ) മൂന്നു പാക്കറ്റ് വീതം ഓരോ തെങ്ങിന്റെ കൂമ്പിനു ചുറ്റും കവിളിൽ വയ്ക്കുക. മഴ പെയ്യുമ്പോൾ മരുന്ന് കുറേശെയായി ഒലിച്ചിറങ്ങുന്നത് വഴി ഈ രോഗം ഒരു പരിധി വരെ നിയന്ത്രിക്കപ്പെടും.<br>രോഗം ബാധിച്ച തെങ്ങിലും അടുത്തുള്ള തെങ്ങുകളിലും 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക. |
| കവുങ്ങ് | വിവിധ ഘട്ടം | മഹാളി  | ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കുലകളിലും ഇലകളിലും തളിച്ച് കൊടുക്കുക. |
| കുരുമുളക് | വിവിധ ഘട്ടം | ദ്രുത വാട്ടം  | റിഡോമിൽ (2ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) അല്ലെങ്കിൽ കോപ്പർ ഓക്സി ക്ളോറൈഡ് (3ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുക. ഇതേ രീതിയിൽ തയ്യാറാക്കിയ ലായനി അഞ്ചു ലിറ്റർ വീതം ഓരോ വള്ളിയുടെയും ചുവട്ടിലെ മണ്ണിൽ കുതിർക്കുകയും ചെയ്യുക |
| ഇഞ്ചി, മഞ്ഞൾ | വിവിധ ഘട്ടം | മൂടുചീയൽ  | നീർവാർച്ച സൗകര്യം ഏർപ്പെടുത്തുക. ബോർഡോ മിശ്രിതം 1 % തടത്തിൽ ഒഴിച്ച് കൊടുക്കുക |

ഒപ്പ് /-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി